ആർ. എസ്. എസ്. കാരുടെ അക്രമപ്രവർത്തനങ്ങൾ

846 [1297] ശ്രീ. സേവ്യർ അറയ്ക്കൽ:
,, തെന്നല ബാലകൃഷ്ണപിള്ള:
,, എ. എ. റഹീം:
,, പി. ആർ. കുറുപ്പ്:
,, കെ. രാഘവൻ മാസ്റ്റർ:
,, പി. ബാലൻ:
,, കെ. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവായ്ക്കടുത്ത് വെളിയത്തുനാട്ടിൽ ആർ. എസ്. എസ്. അക്രമം സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ എടുത്തു?

ഉത്തരം

(എ) ആലുവായ്ക്കടുത്ത് വെളിയത്തുനാട്ടിൽ വ്യാപകമായി ആർ. എസ്. എസ്. അക്രമണങ്ങൾ നടത്തുന്നതായി ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ ആ സ്ഥലത്ത് ശ്രീധരൻ നായർ എന്നയാളും കൊച്ചുബാദർ എന്ന മുസ്ലീം സമുദായത്തിൽപ്പെട്ട ആളും തമ്മിൽ ഉണ്ടായ ഒരു അതിർത്തിത്തർക്കത്തെത്തുടർന്ന് ആർ. എസ്. എസ്. പ്രവർത്തകരും മുസ്ലീങ്ങളും തമ്മിൽ ചില സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ടി. ശ്രീധരൻ നായരും കൊച്ചുബാദറും തമ്മിലുള്ള അതിർത്തിത്തർക്കത്തിനും തുടർന്നുണ്ടായ അടികലശലിനും ഒരു വർഗ്ഗീയച്ചായ നൽകപ്പെട്ടതിനെത്തുടർന്ന് സ്ഥലത്തെ എല്ലാ പ്രധാന കവലകളിലും പോലീസ് പിക്കറ്റു ഏർപ്പെടുത്തുകയും പോലീസ് റോന്തു ചുറ്റലുകൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. കൂടാതെ വെളിയത്തുനാട്ടിൽ ഒരു പോലീസ് കൺട്രോൾ റൂം തുറക്കുകയും അവിടത്തെ ക്രമസമാധാനപാലനത്തിന്റെ ചുമതല ഏറ്റെടുത്ത് ആലുവ സർക്കിൾ ഇൻസ്പെക്ടർ അവിടെ കുറേ ദിവസം ക്യാമ്പു ചെയ്യുകയുമുണ്ടായി. സ്ഥലത്തെ 10 ആർ. എസ്. എസ്. പ്രവർത്തകർക്കും 16 മുസ്ലീങ്ങൾക്കും എതിരായി 26.10.78-ൽ സി. ആർ. പി. സി. 107 ാം വകുപ്പു പ്രകാരം നടപടികൾ സ്വീകരിച്ചു. ഫോർട്ടുകൊച്ചിൻ ആർ. ഡി. ഒ. വിളിച്ചുകൂട്ടിയ അനുരഞ്ജന സമ്മേളനത്തിൽവച്ച് തർക്കങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും സ്ഥലത്ത് സമാധാനവും സൗഹാർദ്ദവും പുനഃസ്ഥാപിക്കുകയും ചെയ്തു. അവിടെ ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്.

റേഷൻ വിതരണം

847 [1304] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് റേഷൻ വിതരണത്തിന് കൂടുതൽ അരി നൽകണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly